UNSTARRED QUESTIONS AND ANSWERS

പെയിഡ് സെക്രട്ടറിമാരുടെ അലവൻസ്.

395. [2] ശ്രീ. കെ. എം. ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) ഹരിജനക്ഷേമവകുപ്പിലെ സഹകരണസംഘങ്ങളിൽ പെയിഡ് സെക്രട്ടറിമാരായി ജോലി നോക്കിവരുന്നവർക്ക്, 1959 മാർച്ച്, ഏപ്രിൽ മാസങ്ങളിൽ അലവൻസ് കിട്ടിയിട്ടില്ലെന്നറിയുന്നതു ശരിയാണോ ;

(ബി) എന്തു കാരണംകൊണ്ടാണ്, ഈ രണ്ടു മാസം ഇവർക്ക് അലവൻസ് നൽകാതിരുന്നതു് ;

(സി) ഏറ്റവും വേഗം ഇവരുടെ ഈ കുടിശ്ശിക അലവൻസ് നൽകാൻ വേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം.

(എ) അതെ.

(ബി) പെയിഡ് സെക്രട്ടറിമാരുടെ അലവൻസ് അതാതു സൊസൈറ്റികൾ തന്നെ കൊടുക്കേണ്ടതാണെന്നുള്ള തീരുമാനം അനുസരിച്ച് കൊടുക്കുന്നതിനു് സൊസൈറ്റികളിൽ ഫണ്ടു് ഇല്ലാത്തതിനാലാണ് കൊടുക്കാതിരുന്നിട്ടുള്ളതു്.

(സി) സത്വര നടപടികൾ സ്വീകരിച്ചിട്ടുണ്ടു്.

പാറക്കോട്ട ചന്തയുടെ വികസനത്തിനുള്ള വായ്പ.

396. [10] ശ്രീ. പി. ആർ. മാധവൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) പാറക്കോട്ട് പബ്ലിക്ക് മാർക്കറ്റിലെ ചെളിയും തൂളിയും മാറ്റി നാട്ടുകാർക്കു് ഉപയോഗയോഗ്യമാക്കുന്നതിനു് ഒരു ലക്ഷം രൂപ വായ്പയായി കിട്ടണമെന്നും അതിനു് പഞ്ചായത്തു് ആവശ്യപ്പെട്ടിട്ടുണ്ടോ ; ആവശ്യപ്പെട്ടതു് എന്നു് ;

(ബി) 12,000 രൂപ ലേലത്തുകയിനത്തിൽ ആണ്ടുതോറും ടി ചന്തയിൽനിന്നും വരവുള്ള പ്രസ്തുത പഞ്ചായത്തിനു 20 വർഷം കൊണ്ടു് അടച്ചു തീർക്കാവുന്ന വായ്പയായി അവർ ആവശ്യപ്പെട്ടതുക ഈയാണ്ടിൽ തന്നെ നൽകാൻ മയവുണ്ടാകുമോ ?

ഉത്തരം.

(എ) ആവശ്യപ്പെട്ടിട്ടുണ്ടു്. 1958 ജൂലായ് 1-ാം തീയതി.

(ബി) ഈയാണ്ടിൽ തന്നെ നൽകുന്നതിനു് കഴിയുന്നതും ശ്രമിക്കുന്നതാണു്.

Ruling on Adjournment Motions Recancellation of licences under The Indian Arms Act

9 A. M.] **Mr. Speakaer:** Order, order. Now I will give the ruling on the adjournment motions moved by Sarva Shri Ponnara G. Sreedhar and P. T. Chacko, Hon'ble the Leader of the opposition, to discuss a matter, namely, the situation arising out of the Government's notification issued on the 3rd June 1959 suspending all licences issued under the Indian Arms

LIBRARY ARCHIVES Kerala Legislative Assembly